**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 17 ഞായർ**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് 2**

# കേരളം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമാകും: മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്

മൂന്ന് മാസത്തിനകം കേരളം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി മാറുമെന്നും കേരളത്തിലെ ഒന്ന് മുതൽ രണ്ട് വരെയുള്ള മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആയി മാറുന്നതോടെയാണ് കേരളത്തിന് ഈ പദവി ലഭിക്കുകയെന്നും പൊതുവിദ്യാഭ്യാസ മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്. കൈപ്പമംഗലം ഗവൺമെൻറ് ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഹൈടെക് ഇരുനില കെട്ടിടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ആധുനിക വിദ്യാഭ്യാസ രംഗത്ത് കേരളം മാതൃക തീർക്കുന്നതിനുള്ള ശ്രമങ്ങളാണ് പൊതുവിദ്യാഭ്യാസ രംഗത്ത് കാഴ്ച വെക്കുന്നത്. മറ്റുള്ളവർക്ക് അനുകരിക്കാൻ ഉതകുന്ന മാതൃക എല്ലാ മേഖലയിലും ഉണ്ടാവണം. കേരളം അത്തരം ഒരു മാതൃകയാണ്. 81.2 ശതമാനം നേടിയാണ് ഇന്ത്യയിൽ കേരളം മാതൃകയായിത്തീർന്നത്. അത് 100% ശതമാനം ആക്കി തീർക്കുവാൻ എല്ലാ മേഖലയിലും ശ്രദ്ധിക്കണം. ഡാറ്റകളുടെ കാര്യത്തിൽ മാത്രമല്ല ദാർശനികതയുടെ കാര്യത്തിലും മാതൃകയാവാൻ ശ്രമിക്കണം. ജനകീയതയും ആധുനികതയും ശാസ്ത്രബോധവും ആണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് അത്യന്താപേക്ഷിതം. ശാസ്ത്രബോധം വളർത്താൻ മാത്രമേ അന്ധവിശ്വാസങ്ങളെ അകറ്റി നിർത്താനാവൂ. രണ്ടു വർഷത്തിനുള്ളിൽ അത്യന്താധുനിക വിദ്യാഭ്യാസ രംഗത്ത് പുതിയ തലം സൃഷ്ടിക്കാൻ കേരളത്തിന് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് കെ കെ ഹരികുമാറിന് മന്ത്രി പുരസ്കാരം സമർപ്പിച്ചു. ജില്ല പഞ്ചായത്ത് അംഗം ബി ജി വിഷ്ണു, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡൻറ് കെ കെ സച്ചിത്ത്, മതിലകം ബി പി ഒ ടി എസ് സജീവൻ, വിഎച്ച്എസ്ഇ പ്രിൻസിപ്പൽ സജി പി എസ്, പി എം അഹമ്മദ് എന്നിവർ പങ്കെടുത്തു.

# കുടുംബശ്രീക്ക് മേൽ ജനങ്ങൾക്കുള്ള വിശ്വാസം നിലനിർത്തണം: മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്

ഉൽപാദനം മാത്രമല്ല, ജനങ്ങൾക്കുള്ള വിശ്വാസ്യത കൂടി ഉയർത്തുക എന്നതാണ് കുടുംബശ്രീയെ വളർത്താൻ ഉള്ള ഏക വഴിയെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്. ജനങ്ങൾക്കുള്ള വിശ്വസ്തതയാണ് മറ്റേത് പ്രസ്ഥാനത്തെക്കാളും കുടുംബശ്രീയെ മുന്നിൽ നിർത്തുന്നത്. ഇടപെടുന്ന എല്ലാ മേഖലയിലും വിശ്വാസം പുലർത്തുന്നത് കൊണ്ട് വിപ്ലവം സൃഷ്ടിക്കാൻ സാധിക്കും. കുടുംബശ്രീ യൂണിറ്റുകൾ ഇക്കാര്യത്തിന് കൂടുതൽ ഊന്നൽ നൽകണം. കയ്പമംഗലം സർവീസ് സഹകരണ ബാങ്ക്, കയ്പമംഗലം പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ നടന്ന മുറ്റത്തെ മുല്ല പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓരോ പ്രസ്ഥാനത്തിന്റെയും ഉയർച്ചതാഴ്ചകൾ ഉണ്ടാവുന്നത് സമൂഹമന:സാക്ഷിയിലാണ്. കുടുംബശ്രീയുടെ ഇടപെടലുകൾ സമൂഹം ശ്രദ്ധിക്കുന്നതുകൊണ്ടുതന്നെ ഓരോ പദ്ധതിയും ശ്രദ്ധാപൂർവം ഏറ്റെടുക്കണം. വളർച്ചയ്ക്ക് അനുകൂലമായ ഘടകങ്ങളിൽ സാമൂഹിക പ്രതിബദ്ധത

മാത്രമല്ല സാമ്പത്തിക പ്രതിബദ്ധത കൂടി കൊണ്ടുവരണമെന്നും മന്ത്രി പറഞ്ഞു. ഇ. ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ. കെ അബീദലി, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.എം.അഹമ്മദ് എന്നിവർ മുഖ്യാതിഥികളായി. കൊടുങ്ങല്ലൂർ അസി. രജിസ്ട്രാർ സി കെ ഗീത പദ്ധതി വിശദീകരണവും കയ്പമംഗലം പഞ്ചായത്ത് പ്രസിഡൻറ് ടി.വി. സുരേഷ് ബാബു വായ്പ വിതരണവും നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡൻ്റ് ഖദീജ പുതിയവീട്ടിൽ, കൈപ്പമംഗലം സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ദേവാനന്ദൻ, കുടുംബശ്രീ ചെയർപേഴ്സൺ മിനി അരയങ്ങാട്ടിൽ, അഡ്വ. വി കെ ജ്യോതിപ്രകാശ്, വിവിധ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

## നിഷ്കളങ്കമായ രീതിയിൽ വായനയെ സമീപിക്കരുത്: മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്

നിഷ്കളങ്കമായും നിരുപദ്രവകരമായും വായനയെ സമീപിക്കരുതെന്നും അത്തരം വായന ഫ്യൂഡൽ വായനയെ വളർത്താൻ ഉപകരിക്കുമെന്നും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്. നിഷ്കളങ്കവും നിരുപദ്രവകരവും ഋജുരേഖയിലുമുള്ള വായന എഴുതിയ ആളുടെ ഉദ്ദേശത്തെ അതേപടി പകർത്താൻ കഴിയുന്നതാണ്. കോർപ്പറേറ്റുകൾ വിദ്യാഭ്യാസരംഗത്തേക്ക് ഇറങ്ങുന്നത് ഇത്തരത്തിലുള്ള വായനാരീതി പകർത്തി അവർക്ക് വളരുവാൻ വേണ്ടിയാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗം അത്തരമൊരു വായനക്ക് എതിരാണെന്നും അദ്ദേഹം അദ്ദേഹം കൂട്ടിച്ചേർത്തു. ഉന്നത വിദ്യാഭ്യാസ പദ്ധതിയായ സുമേധയുടെ ഒന്നാം വാർഷികാഘോഷവും കെ.എ.എസ് ബാച്ചിന്റെയും ഉദ്ഘാടനം പെരിഞ്ഞനം ജിയുപിഎസ് സുമേധ ഓഡിറ്റോറിയത്തിൽ അദ്ദേഹം കേക്ക് മുറിച്ച് നിർവഹിച്ചു.

വായനക്ക് കൃത്യമായ ഒരു ദിശാബോധവും രാഷ്ട്രീയവുമുണ്ട്. ഇംഗ്ലീഷ് മാത്രമല്ല മാതൃഭാഷ കൂടി നല്ല രീതിയിൽ അറിഞ്ഞിരിക്കേണ്ടത് പുതുതലമുറയ്ക്ക് അത്യാവശ്യമാണ്. പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിച്ചതോടെ കേരളം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. ഗൾഫ് മേഖലയിലേക്കുള്ള ആളുകളുടെ കുത്തൊഴുക്ക് കുറഞ്ഞതോടെ വരുംകാലങ്ങളിൽ യുവതലമുറ, ടെക്നോളജിയുടെ കേന്ദ്രമായി മാറാൻ പോകുന്ന കേരളത്തെയാകും സമീപിക്കുക എന്നും അദ്ദേഹം പറഞ്ഞു.

ഇ.ടി ടൈസൺമാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ബി ജി വിഷ്ണു, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡൻറ് കെ കെ സച്ചിത്ത്, മതിലകം ബി പി ഒ ടി എസ് സജീവൻ, പെരിഞ്ഞനം പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി എ സുധീർ, സുമേധ ക്ലബ്ബ് കൺവീനർ ഇ ആർ ഷീല എന്നിവർ പങ്കെടുത്തു.

## വൈഗ കാർഷിക ഉന്നതി മേളയ്ക്ക് ഇനി തൃശൂർ സ്ഥിരം വേദി

കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സംസ്ഥാന സർക്കാരും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും നടത്തി വരുന്ന വൈഗ കൃഷി ഉന്നത മേളയ്ക്ക് ഇനി തൃശൂർ സ്ഥിരം വേദിയാകും. 2020 ജനുവരി 4 മുതൽ 8 വരെ തൃശൂർ തേക്കിൻകാട് മൈതാനത്തെ എക്സിബിഷൻ ഗ്രൗണ്ടിലാണ് നാലാമത് വൈഗ കാർഷിക ഉന്നതി മേള സംഘടിപ്പിക്കുന്നത്. കാർഷിക സർവകലാശാലയുടെ ആസ്ഥാനം തൃശൂരായതു കൊണ്ടാണ് ഇവിടെ സ്ഥിരം വേദിയിക്കാൻ ഉദ്ദേശിക്കുന്നതിലെ പ്രധാന ഘടകം. ഇത്തവണ കാർഷിക സംരംഭത്തിലൂടെ സ്വയം പര്യാപ്തത എന്നതാണ് വൈഗയുടെ മുഖമുദ്ര. മൂല്യ വർധിത ഉല്പന്നങ്ങളായ 100 സംരംഭങ്ങൾ ഇത്തവണ മേളയിൽ പരിചയപ്പെടുത്തുന്നുണ്ട്. നെല്ല്, ചെറു ധാന്യങ്ങൾ, മൂല്യവർദ്ധിത ഉല്പപന്നങ്ങൾ, തേൻ, പഴവർഗ്ഗങ്ങൾ, കാർഷിക യന്ത്രങ്ങൾ, നടീൽ വസ്തുക്കൾ, വിത്തുകൾ, ആധുനിക കാർഷിക യന്ത്രങ്ങളുടെ ഡമോൺസ് ട്രേഷൻ, കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ പരിചയപ്പെടുത്തൽ എന്നിവയും ഇത്തവണത്തെ വൈഗയെ ശ്രദ്ധേയമാക്കും.

ചെറുപ്പക്കാരെ കൂടുതലായി കൃഷിയിലേക്ക് കൊണ്ടുവരാനും കൃഷിരീതിയിൽ തനിമ നിലനിർത്തി സുസ്ഥിര വികസന പദ്ധതികൾ ആവിഷ്കരിക്കാനുള്ള ആസൂത്രണ പദ്ധതികളും ഇത്തവണത്തെ വൈഗ മേളയിൽ ഉണ്ടാകുമെന്ന് സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത കൃഷിവകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു.

### കൊടുങ്ങല്ലൂരിൽ വൻ വിദേശ മദ്യവേട്ട; രണ്ടു പേർ അറസ്റ്റിൽ

# പിടികൂടിയത് ഇരിങ്ങാലക്കുട ആലീസ് വധക്കേസ് അന്വേഷണ സംഘം

കൊലപാതകികളെ തേടിയിറങ്ങിയ പോലീസിന്റെ വലയിൽ വീണത് വിദേശമദ്യക്കടത്ത് സംഘം. ഇരിങ്ങാലക്കുട ആലീസ് വധക്കേസ് അന്വേഷിക്കുന്ന സ്പെഷ്യൽ സ്ക്വാഡിന്റെ മുന്നിലാണ് കണ്ണൂരിൽ നിന്ന് ടയോട്ട ഫോർച്യൂണർ കാറിൽ എറണാകുളത്തേക്ക് കടത്തുന്ന 416 കുപ്പി വിദേശ മദ്യവുമായി സംഘം വന്നു പെട്ടത്. സംഭവത്തിൽ രണ്ടു പേർ പിടിയിലായി. കണ്ണൂർ പിണറായി സ്വദേശി വള്ളിൽ പി.എ. മൻസിൽ റസാഖ് മകൻ ഷാനവാസ് (35) ചക്കരയ്ക്കൽ സ്വദേശി മാടത്തിൽ സക്കറിയ മകൻ ഷക്കീർ (28) എന്നിവരാണ് അറസ്റ്റിലായത്. വടക്കൻ കേരളത്തിൽ നിന്ന് എറണാകുളം, തിരുവനന്തപുരം ഭാഗങ്ങളിലേക്ക് വൻതോതിൽ മദ്യക്കടത്തു നടത്തുന്ന സംഘത്തിലെ അംഗങ്ങളാണ് പിടിയിലായവർ.

മധ്യമേഖല ഡി.ഐ.ജി എസ്.സുരേന്ദ്രൻ, തൃശൂർ റൂറൽ എസ്.പി. കെ.പി. വിജയകുമാരൻ, ഇരിങ്ങാലക്കുട ഡി.വൈ എസ്.പി. ഫേമസ് വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച ഇരിങ്ങാലക്കുട ആലീസ് വധക്കേസ് പ്രത്യേക അന്വേഷണ സംഘാംഗങ്ങളാണ് പ്രതികളെ പിടികൂടിയത്. മഫ്തിയിൽ എത്തിയ അന്വേഷണ സംഘത്തിനിടയിലേക്ക് കാർ ഇടിച്ചു കയറ്റാൻ ശ്രമിച്ച പ്രതികൾ കൂടുതൽ വാഹനങ്ങളിലെത്തിയ പോലീസ് സംഘത്തെ കണ്ട് ചന്തപ്പുരയിലെ ഒരു പറമ്പിലേക്ക് കാർ കയറ്റി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ അന്വേഷണ സംഘാംഗങ്ങൾ ഓടിച്ച് പിടികൂടുകയായിരുന്നു. കൊലക്കേസുമായി ബന്ധപ്പെട്ട് മുൻകാലകേസുകളിലെ പ്രതികളെക്കുറിച്ചുള്ള അന്വേഷണത്തിനിടയിൽ മദ്യക്കടത്തു സംഘത്തെക്കുറിച്ച് ലഭിച്ച വിവരത്തെ തുടർന്നാണ് പ്രതികളെ പിടികൂടിയത്. മുന്തിയ ഇനം 416 കുപ്പി മദ്യമാണ് പിടിച്ചെടുത്തത്. മദ്യം കടത്താൻ വ്യാജ നമ്പറിൽ ഇവർ ഉപയോഗിച്ച ആഡംബര കാറും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. മദ്യത്തിന്റെ ഉറവിടത്തേപ്പറ്റിയും, സംഘത്തിലെ കൂടുതൽ പേരെക്കുറിച്ചും അന്വേഷണം നടന്നു വരികയാണ്. കണ്ണൂരിൽ നിന്ന് മദ്യം കയറ്റിയ വാഹനം കടന്നുപോകുന്ന വഴിയിലെല്ലാം റൂട്ട് ക്ലിയർ ചെയ്ത് കൊടുക്കാനും പോലീസിന്റെ സാന്നിധ്യത്തെക്കുറിച്ച് വിവരം കൊടുക്കാനും മദ്യക്കടത്ത് ലോബിക്ക് ആളുകളുണ്ട്. എന്നാൽ ഇവരുടെ കണ്ണിൽപെടാതെ വിദഗ്ദമായാണ് പോലീസ് സംഘം ഇവരെ കെണിയിലാക്കിയത്. പ്രത്യേക അന്വേഷണസംഘംഗങ്ങളായ കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ പി.കെ. പത്മരാജൻ, എസ്.ഐ. ഇ ആർ.ബൈജു റൂറൽ ക്രൈം ബ്രാഞ്ച് എസ്.ഐ. എം.പി.മുഹമ്മദ് റാഫി, എ.എസ്.ഐ.മാരായ പി.ജയകൃഷ്ണൻ, സി.എ.ജോബ്,എം.കെ.ഗോപി, സീനിയർ സി.പി.ഒ.മാരായ ഷഫീർ ബാബു, ലിജു ഇയ്യാനി, ഇ.എസ്. ജീവൻ, അനൂപ് ലാലൻ, എം.വി. മാനുവൽ, കൊടുങ്ങല്ലൂർ സ്റ്റേഷനിലെ എസ്. ഐ. ബസന്ത് എ.എസ്.ഐ. വിനോദ്, സീനിയർ സി.പി.ഒ. സുമേഷ്,സജീഷ്, എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം തുടങ്ങി

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ കേരളോത്സവം ആരംഭിച്ചു. കൈപ്പറമ്പ് പഞ്ചായത്ത് ഗ്രൗണ്ടിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻന്റിങ് കമ്മിറ്റി ചെയർപേഴ്സൺ എം. പത്മിനി ടീച്ചർ ഉദ്ഘാടനം ചെയ്തു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സി.വി. കുരിയാക്കോസ്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സി.ജെ. ആന്റോ, കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.ജി. ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗം പി.ആർ. സുരേഷ് ബാബു, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സുമ ഹരി, സ്ഥിരം സമിതി അദ്ധ്യക്ഷ ടി. ജയലക്ഷ്മി ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ പി.കെ. പുഷ്പാകരൻ, അഡ്വ. സോളി ജോസഫ്, ഷീബ ഗിരീഷ് എന്നിവർ പങ്കെടുത്തു. മത്സരങ്ങൾ 19 ന് സമാപിക്കും. കലാമത്സരങ്ങൾ പുറനാട്ടുകര ശ്രീ ശാരദ ഹയർസെക്കണ്ടറി സ്കൂൾ, ബ്ലോക്ക് പഞ്ചായത്ത് ഹാൾ, മുതുവറ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ നടന്നു.

അത്‌ലറ്റിക്സ് മത്സരങ്ങൾ ഞായറാഴ്ച (നവം.17) പേരാമംഗലം ശ്രീ ദുർഗ്ഗ വിലാസം ഹയർ സെക്കണ്ടറി സ്കൂളിലും നടന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങളിലും വിവിധ മത്സരങ്ങൾ അരങ്ങേറും.